ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത റോഡ് രണ്ട് റീച്ചുകളിലായി റീ സർഫസിംഗ് ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ബന്ധപ്പെട്ട സൂപ്രണ്ടിംഗ് എഞ്ചിനീയർ അനുമതി നൽകി പണി അറേഞ്ച് ചെയ്യുന്നതാണ്.

(സി) പ്രസ്തുത പണി റിന്യൂവൽ പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിരിക്കുന്നതുകൊണ്ട് ചീഫ് എഞ്ചിനീയറുടെ ഫണ്ടിന്റെ ആവശ്യമില്ല.

മടന്തപ്പച്ച-കിഴക്കനേല റോഡ്

92 (875)ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ നിയോജകമണ്ഡലത്തിലെ 'മടന്തപ്പച്ച-കിഴക്കനേല' റോഡിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഏതു വർഷം;

(ബി) ഭരണാനുമതി നൽകിയിട്ടും നിർമ്മാണപ്രവർത്തനങ്ങൾക്ക് നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുക വകകൊള്ളിക്കാത്തതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(സി) ഈ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാത്തതു കാരണം ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ റോഡിന്റെ പണി കഴിവതും വേഗം പൂർത്തീകരിക്കുവാൻ ഈ വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കുമോ?

ഉത്തരം

(എ) ഭരണാനുമതി നൽകിയിട്ടില്ല.

(ബി) ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിനായി ബഡ്ജറ്റിൽ തുകയൊന്നും ഉൾക്കൊള്ളിച്ചിട്ടില്ല.

(സി)&(ഡി) ഉണ്ട്. പഞ്ചായത്തരാജ് നിയമപ്രകാരം ഗ്രാമീണ റോഡുകൾ ഒന്നുംതന്നെ പുതിയതായി പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കാറില്ല. ബന്ധപ്പെട്ട പഞ്ചായത്താണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തേണ്ടത്.

നാഷണൽ ഹൈവേകളുടെ വികസനത്തിന് പദ്ധതി

93 (876)ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നാഷണൽ ഹൈവേകളുടെ വികസനത്തിന് സർക്കാർ എന്തെങ്കിലും പദ്ധതി കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) അതിൽ ഏതെല്ലാം പദ്ധതികൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly